**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **15-02-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക പരിശീലനവകുപ്പിലെ വിഷയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ. പാർട്ട് 2 റൂൾ 59, റൂളിംഗ് നമ്പർ 2-ൽ നിന്ന് വ്യത്യസ്തമായി വ്യാവസായിക പരിശീലന വകുപ്പ് ഇറക്കിയിട്ടുള്ള 15.06.2017ലെ എഫ്3/37066/15, 09.11.2015 ലെ എഫ് 3/31059/2015 എന്നീ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 19/05/2017-ലെ എ1/1367/16 നമ്പർ കത്ത് പ്രകാരം മൂന്ന് മാസത്തിൽ കൂടുതൽ കാലയളവുള്ള ട്രെയിനിംഗിന് പങ്കെടുക്കുന്നവർക്ക് ദിനബത്തയ്ക്ക് അർഹതയുണ്ടോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതനുസരിച്ച് 15/06/2017 ലെ എഫ്3/37066/15 നമ്പർ കത്ത് പ്രകാരം മൂന്നു മാസം വരെയുള്ള ട്രെയിനിംഗിന് മാത്രമേ ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് കെ.എസ്.ആർ. പാർട്ട് II റൂൾ 59-ന്റെ അടിസ്ഥാനത്തിൽ മറുപടി നല്കുകയും ചെയ്തിരുന്നു. സി.റ്റി.ഐ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എഫ്.ടി.ഐ ബാംഗ്ലൂരിൽ താമസസൗകര്യം ലഭ്യമാകാത്തതുമായി ബന്ധപ്പെട്ട് ശ്രീ.അനിരുദ്ധ് ചന്ദ്രൻ ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ 05/09/2015-ൽ സമർപ്പിച്ച പരാതിയിന്മേൽ നല്കിയ വിശദീകരണമാണ് എഫ്3/31059/2015 നമ്പർ കത്തിൽ പരാമർശിക്കുന്നത്. |
| (ബി) | 11.02.2021 ലെ സ.ഉ. (പി) നം. 29/2021/ധന പ്രകാരം കാറ്റഗറി VII ൽ ഉൾപ്പെട്ട വ്യാവസായിക പരിശീലന വകുപ്പിലെ ദിവസവേതന/കരാർ ജീവനക്കാരായ ജൂനിയർ ഇൻസ്ട്രക്ടർ/ എസിഡി ഇൻസ്ട്രക്ടർ എന്നിവർക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന വേതനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വ്യാവസായിക പരിശീലന വകുപ്പിലെ ദിവസവേതന/ കരാർ ജീവനക്കാർക്ക് 11-02-2021 ലെ സ.ഉ(പി) നം.29/2021/ധന പ്രകാരം വേതനം നല്കുന്നുണ്ട്. വകുപ്പിൽ താല്ക്കാലിക (ഗസ്റ്റ്) ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നത് മണിക്കൂർ അടിസ്ഥാനത്തിലാണ്. 03-08-2017 തീയതിയിലെ സ.ഉ(സാധാ)/1010/2017/ തൊഴിൽ നമ്പർ ഉത്തരവനുസരിച്ചാണ് താല്ക്കാലിക (ഗസ്റ്റ്) ഇൻസ്ട്രക്ടർമാർക്ക് വേതനം നല്കുന്നത്. |
| (സി) | 29.09.22 ലെ സ.ഉ. (സാധാ) 4183/2022/ ജി.എ.ഡി. ഉദ്ധരിച്ചുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പ് ഇറക്കിയ 01.10.22 ലെ ഡി.റ്റി./4770/2022-എഫ് 3 ചുറ്ററിയിപ്പിൽ | (സി) | 29.09.22 ലെ സ.ഉ.(സാധാ) 4183/2022/ജി.എ.ഡി പ്രകാരം നവരാത്രി പൂജയോടനുബന്ധിച്ച് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2022 ഒക്ടോബർ 3 (തിങ്കളാഴ്ച) |

| | | | |
|---|---|---|---|
| | ജീവനക്കാർ ഹാജരാകണമെന്ന തരത്തിൽ തെറ്റായി വ്യാഖ്യാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | അവധി അനുവദിച്ചിരുന്നു. പ്രസ്തുത പ്രവർത്തിനഷ്ടം പരിഹരിക്കുന്നതിനായി തുടർന്നു വരുന്ന ഏതെങ്കിലും അവധി ദിവസം പ്രവൃത്തി ദിവസമായി അതാത് സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ 01/10/2022 തീയതിയിലെ ഡി.ടി/4770/2022-എഫ്3 നമ്പർ തീയതിയിലെ ചുറ്ററിയിപ്പ് പ്രകാരം ഐ.ടി.ഐകൾക്ക് നിർദ്ദേശം നല്കിയിരുന്നു. |
| (ഡി) | വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് വേണ്ടി അഡിഷണൽ ഡയറക്ടർ 11.01.2023 തീയതിയിൽ പുറത്തിറക്കിയ ഡി.ടി./4919/2022/ജി4 ചുറ്ററിയിപ്പിൽ വകുപ്പിലെ ജീവനക്കാർ ആരോഗ്യപരമായ കാരണങ്ങളാൽ മെഡിക്കൽ ലീവ് എടുക്കുമ്പോൾ ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന് പരാമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിൽ നിന്ന് ഇത്തരം നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പിനോ മറ്റു വകുപ്പുകൾക്കോ നൽകിയിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | സർക്കാരിൽ നിന്നും ഇത്തരം നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പിന് നല്കിയിട്ടില്ല. എന്നാൽ വകുപ്പ് നടത്തുന്ന ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റുകളിൽ പരീക്ഷാ ജോലികൾക്കും അനുബന്ധ ജോലികൾക്കുമായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർ മെഡിക്കൽ ലീവിനായി അപേക്ഷിക്കുകയും ടി പരീക്ഷാ ജോലികളിൽ നിന്നും ഒഴിവാകുകയും ചെയ്യുന്നത് പരീക്ഷാ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതുമായ അവസ്ഥയിലാണ് വകുപ്പിൽ നിന്ന് 11-01-2023 ൽ ഡിറ്റി/4919/2022/ജി4 നമ്പർ ചുറ്ററിയിപ്പ് എല്ലാ സ്ഥാപനങ്ങൾക്കും നല്കിയത്. പരീക്ഷാ നടത്തിപ്പിനായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾ തന്നെ അവധി നൽകുന്നത് സംബന്ധിച്ച വിശദമായ സർക്കുലർ വകുപ്പ് പ്രസിദ്ധീകരിക്കാറുണ്ട്. |
| (ഇ) | സർക്കാർ ഉത്തരവുകൾ, കെ.എസ്.ആർ., കെ.എ.ടി. വിധികൾ എന്നീ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങൾ ലാഘവത്തോടെയാണോ വ്യാവസായിക പരിശീലന വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ? | (ഇ) | സർക്കാർ ഉത്തരവുകൾ, കെ.എസ്.ആർ, കെ.എ.ടി വിധികൾ എന്നിവ അതീവ ശ്രദ്ധയോടെയാണ് വ്യാവസായിക പരിശീലന വകുപ്പ് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ